21665
13/10/17

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസനം- പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിലെ തൊഴിലിനുള്ള പരിശീലന പദ്ധതി (2017-18) നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി, ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം.110/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 07.10.2017.

===

പരാമർശം:
1. സ. ഉ. (സാധാ) നം.70/2013/പി.സ.വി.വ, തീയതി 16.08.2013.
2. സ. ഉ. (സാധാ) നം.110/2015/പി.സ.വി.വ, തീയതി 01.12.2015.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 15.06.2017 -ലെ ബിസിഡിഡി/എ 3/1396/2017 നമ്പർ കത്ത്.

**ഉത്തരവ്**

ആഗോളവൽക്കരണ നയങ്ങളുടെയും വിദേശ നിക്ഷേപ സാദ്ധ്യതകളുടെയും അടിസ്ഥാനത്തിൽ രാജ്യത്ത് അതിവേഗത്തിൽ വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന വാഹന നിർമ്മാണ / വിപണന മേഖലയിൽ ഉണ്ടാകുന്ന അനന്തമായ തൊഴിൽ സാധ്യതകൾ പിന്നോക്ക വിഭാഗങ്ങളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് പരമാവധി പ്രയോജനപ്പെടുത്തക്കവിധത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ആട്ടോമൊബൈൽ മേഖലയിലെ തൊഴിൽ പരിശീലന പദ്ധതി (Career in Automobile Industry through Public / Private Participation). പരാമർശം 2-ലെ ഉത്തരവ് പ്രകാരം ടി പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലന ചെലവിനായി പ്രതിമാസം പരമാവധി 5000/- രൂപയാണ് അനുവദിച്ചിരുന്നത്.

2. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആണ് വാഹന വിപണിയുമായി ബന്ധപ്പെട്ട് വലിയ സ്ഥാപനങ്ങൾ നിലവിലുള്ളതെന്നും ഇവിടങ്ങളിലേക്ക് വിദ്യാർത്ഥികളെ പരിശീലനത്തിന് തെരഞ്ഞെടുത്താൽ, നിലവിൽ 1500/- രൂപ ഉദ്യോഗാർത്ഥിക്കും 3500/- രൂപ സ്ഥാപനത്തിന്റെ പരിശീലന ചെലവിലേക്കുമാണ് വിനിയോഗിക്കുന്നത് എന്നും അർഹരായ നിരവധി ഉദ്യോഗാർത്ഥികൾ പരിശീലനത്തിൽ പങ്കെടുക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, ഐ.ടി.ഐ / ഐ.ടി.സി, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഓട്ടോ വാണിജ്യപരവുമായ മേഖലയിൽ, പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ടതും കുടുംബ വാർഷിക വരുമാനം 4.5 ലക്ഷത്തിൽ അധികരിക്കാത്തതുമായ, ടി മേഖലയിൽ യോഗ്യത നേടിയിട്ടുള്ള യുവതി യുവാക്കൾക്ക് പ്രയോജനപ്പെടത്തക്ക വിധത്തിൽ പദ്ധതിയെ കൂടുതൽ മികവുറ്റതാക്കുന്നതിനും, പരിശീലന ചെലവ് 5000/- രൂപയിൽ നിന്നും 8000/- രൂപയായി വർദ്ധിപ്പിക്കണമെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം 3-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2225-03-102-99 (പ്ലാൻ) എന്ന ശീർഷകത്തിൽ ടി പദ്ധതിയുടെ നടത്തിപ്പിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(.....2)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആട്ടോമൊബൈൽ മേഖലയിലെ തൊഴിൽ പരിശീലന പദ്ധതിയെ കൂടുതൽ മികവുറ്റതാക്കുന്നതിനും ഉദ്യോഗാർത്ഥികൾ മികച്ച ശേഷി ആർജ്ജിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി, ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ). പരിശീലന തുകയായ 5000/- രൂപ 7000/- രൂപയാക്കി ഉയർത്തുന്നു. (3500 രൂപ പരിശീലനം നൽകുന്ന സ്ഥാപനത്തിനും, 3500 രൂപ പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിക്കും).

ബി). ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തികൊണ്ടു മാത്രമേ തുക ചെലവഴിക്കാവൂ.

സി). പരിശീലന കാലാവധി പരമാവധി 10 മാസമായി നിജപ്പെടുത്തേണ്ടതാണ്.

ഡി). വർദ്ധിപ്പിച്ച തുക പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ പരാമർശം 2 -ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ്കുമാർ പി. എൻ**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (30.08.2017-ലെ WW1/153/2017/Fin. നമ്പർ കുറിപ്പ്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.